## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1530** **03.05.2017-ൽ മറുപടിക്ക്**

### ജിഷ്ണു കേസുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | ജിഷ്ണു കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുഴുവൻ പത്രങ്ങളിലും പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പിനു വേണ്ടി സർക്കാർ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (എ) | പത്രമാധ്യമങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ബി) | ഒരു പത്രസമ്മേളനത്തിലൂടെ അറിയിക്കേണ്ട കാര്യങ്ങൾ ഇത്രയും ഭീമമായ ചെലവിൽ പത്രങ്ങളിൽ അരപേജ് പരസ്യമായി നൽകേണ്ടി വന്ന സാഹചര്യം വിശദീകരിക്കുമോ; | (ബി) | പത്ര സമ്മേളനത്തിന്റെയും പത്ര പരസ്യത്തിന്റെയും സാധ്യതകൾ വ്യത്യസ്തമാണ്. സർക്കാരിന് പൊതു ജനങ്ങളുടെ അറിവിലേയ്ക്ക് നൽകേണ്ട വിവരങ്ങൾ യഥാസമയം കൃത്യമായും ഉദ്ദേശിക്കുന്ന വ്യാപ്തിയിലും നൽകാൻ പത്രപരസ്യങ്ങൾ കൂടുതൽ സഹായകമാകും എന്നതിനാലാണ് അപ്രകാരം നൽകിയിട്ടുള്ളത് |
| സി) | ഇതുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) | സാധാരണ അനുവർത്തിക്കുന്ന നടപടി ക്രമങ്ങളും കീഴ്വഴക്കങ്ങളും പാലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ